# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2978** **20.03.2015 - ൽ മറുപടിക്ക്**

## ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പാലങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | : | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മിത്രമഠംപാലം, മദനശ്ശേരിക്കടവ് പാലം, വഴുവാടിക്കടവ് പാലം തുടങ്ങിയവയുൾപ്പെടെയുള്ള പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ ; | (എ) | മിത്രമഠം പാലത്തിന്റെ 5 സ്പാനുകളിൽ ഒരെണ്ണം പൂർണ്ണമായും പൂർത്തീകരിച്ചു. രണ്ടാമത്തെ സ്പാനിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. മദനശ്ശേരിക്കടവ് പാലത്തിന്റെ 3 സ്പാനുകളിൽ ഒരു സ്പാൻ പൂർണ്ണമായും പൂർത്തീകരിച്ചു. രണ്ടാമത്തെ സ്പാനിന്റെ പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. വഴുവാടിക്കടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ? | (ബി) | നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാറുകാർക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Salitha

സെക്ഷൻ ഓഫീസർ